# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4200** — **19.10.2011 ൽ മറുപടിയ്ക്ക്**

### സംസ്ഥാന സഹകരണ ബാങ്കിന്റെ നിക്ഷേപവും കിട്ടാക്കടങ്ങളും

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാന സഹകരണ ബാങ്കിന്റെ നിലവിലെ നിക്ഷേപം, ഇതുവരെയുള്ള നഷ്ടം, കിട്ടാക്കടമായി അവശേഷിക്കുന്ന തുക എന്നിവ എത്ര വീതമാണെന്ന് വ്യക്തമാക്കുമോ; | (എ) 30.09.2011 ലെ കണക്ക പ്രകാരം സംസ്ഥാന സഹകരണ ബാങ്കിന് 5189.27 കോടി രൂപ നിക്ഷേപ ബാക്കി നിൽപ്പുണ്ട്. 30.09.2011 ലെ കണക്ക പ്രകാരം സംസ്ഥാന സഹകരണ ബാങ്കിന്റെ നഷ്ടം 313.27 കോടി രൂപയും, കിട്ടാക്കടം 470.02 കോടി രൂപയുമാണ്. |
| (ബി) കഴിഞ്ഞ സാമ്പത്തിക വർഷം ബാങ്കിന്റെ നഷ്ടം എത്ര കോടി രൂപയായിരുന്നു; കഴിഞ്ഞ മേയിൽ ബാങ്കിന്റെ പ്രതിദിന നഷ്ടം എത്രയായിരുന്നു; | (ബി) കഴിഞ്ഞ സാമ്പത്തിക വർഷം 2010 – 11 ലെ ബാങ്കിന്റെ ആഡിറ്റ് റിപ്പോർട്ട് പ്രകാരം 31.03.2011 ലെ അറ്റ നഷ്ടം 223.55 കോടി രൂപയും 2011 മേയ് മാസം ബാങ്കിന്റെ പ്രതിദിന നഷ്ടം 10 ലക്ഷം രൂപയുമായിരുന്നു. |
| (സി) കിട്ടാക്കടമായി അവശേഷിക്കുന്ന തുകയിൽ ഏതെങ്കിലും രാഷ്ട്രീയപാർട്ടിയുടെ നിയന്ത്രണത്തിലുള്ള സൊസൈറ്റി നൽകാനുള്ള തുക ഉൾപ്പെട്ടുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (സി) സംഘങ്ങൾക്കാണ് വായ്പ നൽകാറുള്ളത്. |
| (ഡി) കിട്ടാക്കടങ്ങൾ പിരിച്ചെടുത്ത് ബാങ്കിന്റെ സാമ്പത്തിക നില മെച്ചപ്പെടുത്താൻ പുതിയ പദ്ധതികൾക്ക് രൂപം നൽകുമോ? | (ഡി) കിട്ടാക്കടങ്ങൾ പിരിച്ചെടുത്ത് ബാങ്കിന്റെ സാമ്പത്തിക നില മെച്ചപ്പെടുത്താൻ പുതിയ പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്<br>1. ബാങ്കിന്റെ നിഷ്ക്രിയ ആസ്തി കുറയ്ക്കുന്നതിന്റെ ഭാഗമായി കുടിശ്ശികക്കാരായ വായ്പക്കാരെയും, അവരുടെ ജാമ്യക്കാരേയും നേരിൽ ബന്ധപ്പെട്ട് വായ്പ തുക പിരിച്ചെടുക്കുന്നതിനായി ബാങ്കിന്റെ എല്ലാ |

ശാഖകളിലും ഒരു മാനേജർ/ഓഫീസർ - ടെ നേതൃത്വത്തിൽ ഒരു പ്രത്യേക സംഘത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

2. നിഷ്ക്രിയ ആസ്തി കുറയ്ക്കുന്നതിനും സാമ്പത്തിക നില മെച്ചപ്പെടുത്താനുമായി പ്രത്യേക കുടിശ്ശിക നിവാരണ പദ്ധതിക്ക് സഹകരണ സംഘം രജിസ്ട്രാർ അനുവാദം നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ